# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 824 — 03.12.2014- ൽ മറുപടി.

## പുതിയതായി തുടങ്ങിയ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. എ.പ്രദീപ്കുമാർ | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പുതുതായി പ്രവർത്തനം ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ മാനദണ്ഡപ്രകാരമുള്ള മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഇവരെ മറ്റ് മെഡിക്കൽ കോളേജുകളിൽ നിന്ന് മാറ്റി നിയമിക്കുകയായിരുന്നോ; പ്രസ്തുത നിയമനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) പുതുതായി ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ മാനദണ്ഡ പ്രകാരമുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ജില്ലകളിൽ പാരാമെഡിക്കൽ ജീവനക്കാരുടേതുൾപ്പെടെ പല തസ്തികകളുടേയും പി.എസ്.സി ലിസ്റ്റ് നിലവിലില്ല. മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നേടണമെങ്കിൽ പ്രസ്തുത കൗൺസിലിന്റെ പരിശോധനാ വേളയിൽ മെഡിക്കൽ കോളേജുകളിൽ യോഗ്യതയുള്ള സ്ഥിരം ജീവനക്കാർ ആവശ്യമാണ്. പ്രസ്തുത ആവശ്യത്തിലേക്ക് ചില ജീവനക്കാരെ താത്ക്കാലികമായി പുതിയ മെഡിക്കൽ കോളേജുകളിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്. |
| (ബി) മെഡിക്കൽ ജീവനക്കാരെ മാറ്റി നിയമിച്ചതു കാരണം മറ്റ് മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടെയും കടുത്ത അഭാവം നേരിടുന്നതായി ഡോക്ടർമാർ ഉന്നയിക്കുന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; | (ബി) മറ്റു മെഡിക്കൽ കോളേജുകളിൽ ഇത്തരം ഒരു സ്ഥിതി നിലവിലില്ല. |
| (സി) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ഗർഭസ്ഥശിശു മരിക്കാനിടയായത് തിരക്കുകാരണം ശ്രദ്ധിക്കാനാവാത്തതുകൊണ്ടും, പാരാമെഡിക്കൽ ജീവനക്കാരുടെ അഭാവം കൊണ്ടുമാണെന്ന ഡോക്ടർമാരുടെ കുറ്റസമ്മതത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരുടെ ഒഴിവു നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) എസ്.എ.റ്റി ആശുപത്രിയിൽ തിരക്ക് കാരണവും പാരാമെഡിക്കൽ ജീവനക്കാരുടെ അഭാവവും മൂലം ഗർഭസ്ഥ ശിശു മരിക്കാനിടയായിട്ടില്ല. മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

(ഡി) മെഡിക്കൽ കോളേജുകളിൽ ആകെ എത്ര മെഡിക്കൽ-പാരാമെഡിക്കൽ ജീവനക്കാരുടെ ഒഴിവുകളുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(ഡി) വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലായി 335 ഡോക്ടർമാരുടേയും 831 നഴ്സുമാരുടേയും 70 പാരാമെഡിക്കൽ സ്റ്റാഫിന്റേയും ഒഴിവുകളുണ്ട്.

സെക്ഷൻ ഓഫീസർ